8.	കൊല്ലം	..	11
9.	പത്തനംതിട്ട	..	297
10.	കോട്ടയം	..	42
11.	ആലപ്പുഴ	..	11
12.	തൃശൂർ	..	62
13.	എറണാകുളം	..	175
14	ഇടുക്കി	..	2680

പ്രതിദിന വൈദ്യുതി ഉൽപ്പാദന-ഉപഭോഗം

6 [2623] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിദിന ഉപഭോഗത്തിന് മൊത്തം എത്ര മെഗാവാട്ട് വൈദ്യുതി ആവശ്യമാണെന്ന കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള എല്ലാ പദ്ധതികളിൽ നിന്നുമായി പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(സി) കേന്ദ്ര ഗ്രിഡിൽ നിന്നും സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2005 മാർച്ച് 1 മുതൽ 8 വരെയുള്ള കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 37.94 ദശലക്ഷം യൂണിറ്റാണ്. പീക്ക് സമയത്ത് 2263 മെഗാവാട്ട് വരെ ആവശ്യമായി വന്നിട്ടുണ്ട്.

(ബി) ആഭ്യന്തര ഉൽപ്പാദനം പ്രതിദിനം 17.86 ദശലക്ഷം യൂണിറ്റാണ്. പീക്ക് സമയത്ത് ഏകദേശം 1400 മെഗാവാട്ട് വരെ ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ചുവരുന്നു.

(സി) കേന്ദ്ര വിഹിതമായി ഏകദേശം 19.3 ദശലക്ഷം യൂണിറ്റ് (ഏകദേശം 800 മെഗാവാട്ട്) ലഭിക്കുന്നു.

വൈദ്യുതി അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കാൻ നടപടി

7 [2624] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി 2000, പെറ്റി കോൺട്രാക്റ്റേഴ്സ് ആന്റ് വർക്ക്മെൻ ഇൻഷ്വറൻസ് പദ്ധതി എന്നീ ഇൻഷ്വറൻസ് പദ്ധതികളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞ ജനവിഭാഗങ്ങൾ ഏതൊക്കെയാണ്;

(ഡി) ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം എത്ര ആളുകൾക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 1-1-2000 മുതൽ ഇലക്ട്രിസിറ്റി ബോർഡ് നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പാക്കിവരുന്ന പദ്ധതിയായ "വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി 2000" അനുസരിച്ച് ബോർഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ ഉപകരണങ്ങളിൽ നിന്നും വൈദ്യുത ആഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ നിയമപരമായ അവകാശികൾക്ക് പരമാവധി അൻപതിനായിരം രൂപ വരെയും, സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് അവശതയുടെ ശതമാനമനുസരിച്ച് അൻപതിനായിരം രൂപയുടെ ആനുപാതികമായി എക്സ്ഗ്രേഷ്യ ധനസഹായമായും നൽകിവരുന്നുണ്ട്.

വൈദ്യുതി ബോർഡിനു വേണ്ടി ചെറുകിട കരാർ തൊഴിൽ നടത്തുന്ന കോൺട്രാക്ടർമാർക്കും, അവരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജോലി സമയത്ത് അപകടം ഉണ്ടായാൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകുവാൻ നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഒരു പോളിസി വൈദ്യുതി ബോർഡ് എടുത്തിട്ടുണ്ടായിരുന്നു. ഇത് 1-1-2000 മുതൽ 31-12-2001 വരെ നിലനിന്നിരുന്നു. എന്നാൽ ഇൻഷ്വറൻസ് കമ്പനി വാർഷിക പ്രീമിയം തുക ആറിരട്ടിയോളം ഉയർത്തണമെന്ന് ആവശ്യപ്പെട്ടതിനാൽ 1-1-2002 മുതൽ പോളിസി പുതുക്കിയിട്ടില്ല. 1-1-2002 മുതൽ ബോർഡ് നേരിട്ടാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

(സി) സംസ്ഥാനത്തെ മൊത്തം പൊതുജനങ്ങൾക്കും ഇതിന്റെ പരിരക്ഷ ലഭിക്കുന്നു.

(ഡി) വൈദ്യുതി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 1-1-2000 മുതൽ 31-12-2004 വരെ 149 മരണവും ഏതാണ്ട് അതിന്റെ ഇരട്ടി അപകടങ്ങളും സംഭവിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് മരണം സംബന്ധിച്ച് 68,50,000 രൂപയും അപകടങ്ങൾ സംബന്ധിച്ച് 1,95,000 രൂപയും ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly